തീയതിഃ 20.05.2026

പ്രസിദ്ധീകരണത്തിന്

## സംസ്കൃത സർവ്വകലാശാല : പി. ജി. പ്രവേശന പരീക്ഷകൾ 25 ന് തുടങ്ങും

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ വിവിധ പഠന കേന്ദ്രങ്ങളിൽ വിവിധ പി. ജി., പി. ജി. ഡിപ്ലോമ പ്രോഗ്രാമുകളിൽ പ്രവേശനത്തിനായി അപേക്ഷിച്ചവർക്കുള്ള പ്രവേശന പരീക്ഷകൾ മെയ് 25, 26, 29, 30 തീയതികളിൽ നടക്കുമെന്ന് സർവ്വകലാശാല അറിയിച്ചു. ഫൈൻ ആർട്ട്സ്, തീയറ്റർ, ഡാൻസ്-ഭരതനാട്യം, ഡാൻസ് - മോഹിനിയാട്ടം പ്രോഗ്രാമുകളിലേയ്ക്ക് അപേക്ഷിച്ചിട്ടുള്ളവർക്കുള്ള അഭിരുചി/പ്രായോഗിക/പോർട്ട് ഫോളിയോ അവതരണം/അഭിമുഖം എന്നിവ പ്രവേശന പരീക്ഷാദിനം തന്നെ അതത് വകുപ്പുകളിൽ നടക്കും. ഫൈൻ ആർട്സിൽ പി. ജി. പ്രവേശനത്തിന് അപേക്ഷിച്ചിരിക്കുന്നവർ പ്രവേശന പരീക്ഷയുടെ അന്ന് തന്നെ പെയിന്റിംഗ് ഡിപ്പാർട്ട്മെന്റ് മേധാവിക്ക് തങ്ങളുടെ പോർട്ട്ഫോളിയോ സമർപ്പിക്കേണ്ടതാണ്. ഫിസിക്കൽ എഡ്യൂക്കേഷൻ സയൻസിൽ പി. ജി. പ്രവേശനത്തിന് അപേക്ഷകരായുള്ളവർ പ്രവേശന പരീക്ഷാ ദിവസം രാവിലെ എട്ടിന് കാലടി മുഖ്യകേന്ദ്രത്തിലുള്ള ഫിസിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റിൽ ഫിസിക്കൽ ഫിറ്റ്നസ് ടെസ്റ്റിനായി ഹാജരാകേണ്ടതാണെന്ന് സർവ്വകലാശാല അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് www.ssus.ac.in സന്ദർശിക്കുക.

**ജലീഷ് പീറ്റർ**

പബ്ലിക് റിലേഷൻസ് ഓഫീസർ

ഫോൺ നം. 9447123075